നം.ICDS/A2-2250/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി ,06.1.2022
ഇ-മെയിൽ :directorate.wcd@kerala.gov.in
ഫോൺ നമ്പർ : 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.
ICDS സൂപ്പർവൈസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് – അനീമിയക്കെതിരായ ബോധവൽക്കരണം - ക്യാംപെയിൻ 12 ജനുവരി മാസത്തെ പരിപാടികൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:

വിളർച്ച അഥവാ അനീമിയ നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ക്യാംപെയിന് 12 എന്ന പേരിൽ വകുപ്പ് നടപ്പിലാക്കി വരുന്ന ഊർജ്ജിത വിളർച്ച നിയന്ത്രണ യജ്ഞം പരിപാടി ജനുവരി മാസത്തിൽ ട്രൈബൽ / തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് കൗമാരപ്രായക്കാരായ ആൺകുട്ടികൾക്കുംപെൺകുട്ടികൾക്കുമായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

അനീമിയ സ്ക്രീനിംഗ് ടെസ്റ്റുകൾക്കായി ജില്ലകളിൽന്യൂട്രീഷൻക്ലിനിക്കുകൾമുഖാന്തിരം ഹീമോമീറ്റർ,സ്ട്രിപ്പുകൾ,നീഡിലുകൾ എന്നിവ നൽകിയിട്ടുണ്ട്..സ്ട്രിപ്പുകളുടേയും നീഡിലുകളുടേയും കാലാവധി അവസാനിക്കുന്നത് 28.02.2021 ന് ആണ്. 8765 സ്ട്രിപ്പുകളും നീഡിലുകളും ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി ജില്ലകളിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജനുവരി മാസത്തെ ക്യാംപെയിന് 12 പരിപാടിയുമായി ബന്ധപ്പെട്ട് ജില്ലകളിൽ അവശേഷിക്കുന്ന അനീമിയ ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് അനീമിയ സ്ക്രീനിംഗ് നടത്തേണ്ടതാണ്. ആയതിലേക്കായി ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**ജില്ലാതലം –പ്രോഗ്രാം ആഫീസർമാർ**

- ജില്ലകളിൽ പ്രവർത്തനക്ഷമമായ ഹീമോമീറ്റർ സ്ട്രിപ്പ്, നീഡിൽസ് എന്നിവ ക്ലിനിക്കുകളിൽ നിന്നും ഏറ്റെടുത്ത് ട്രൈബൽ മേഖലയിൽ സ്ഥിതി ചെയ്യുന്ന ICDS ഓഫീസുകൾക്ക് നൽകേണ്ടതും ട്രൈബൽ ഗുണഭോക്താക്കള് ഇല്ലാത്ത സാഹചര്യത്തിൽ മാത്രം തീരദേശ / പിന്നാക്ക മേഖലകൾക്ക് മുൻഗണനാ ക്രമത്തിൽ നല്കേണ്ടതുമാണ്. (ട്രൈബൽ മേഖല ഒഴിവാകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്). ട്രൈബൽ, തീരദേശ മേഖലകൾ ഇല്ലാത്ത പക്ഷം മാത്രമേ പിന്നോക്ക മേഖലകൾക്ക് ക്രമീകരിച്ച നൽകാവൂ. സ്ട്രിപ്പ്, നീഡിൽസ് എന്നിവ **പ്രോഗ്രാം** ആഫീസർമാർ ഏറ്റെടുക്കുമ്പോൾ കാലാവധി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
- ഹീമോമീറ്റർ , സ്ട്രിപ്പ്, നീഡിൽസ് എന്നിവ ക്ലിനിക്കുകളിൽ നിന്നും ഏറ്റെടുക്കുന്നതു സംബന്ധിച്ച ചർച്ചകൾക്കായി ബന്ധപ്പെട്ട CDPO മാരെ ഉൾപ്പെടുത്തി ജനുവരി 12 ന് മുൻപായി യോഗംചേരേണ്ടതാണ്.

GB/

- യോഗത്തിൽ പങ്കെടുക്കുന്ന CDPO മാർ ഹീമോമീറ്റർ, ന്യൂട്രീഷൻ ക്ലിനിക്കുകളിൽ അവശേഷിക്കുന്ന സ്ട്രിപ്പുകൾ, നീഡിലുകൾ എന്നിവ കൊണ്ടുപോകേണ്ടതും ആയത് PO മാർക്ക് രേഖാമൂലം കൈമാറേണ്ടതുമാണ്.

- പ്രോഗ്രാം ആഫീസർമാർ ട്രൈബൽ മേഖല ഉൾപ്പെടുന്ന ICDS ആഫീസുകൾക്കായി അനീമിയ സ്ക്രീനിംഗ് നടത്തുന്ന തീയതി നിശ്ചയിച്ച് നൽകേണ്ടതും പ്രവർത്തനക്ഷമമായ ഹീമോമീറ്റർ, സ്ട്രിപ്പുകൾ, നീഡിലുകൾ എന്നിവ ക്രമീകരിച്ച് നൽകി ആയതിന്റെ വിശദാംശങ്ങൾ അന്നേ ദിവസം തന്നെ നിശ്ചിത ഫോർമാറ്റിൽ icdsasection@gmail.com എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ( ഫോർമാറ്റ് -1 ഉള്ളടക്കം ചെയ്യുന്നു).

- അനീമിയ സ്ക്രീനിംഗ് പ്രവർത്തനങ്ങൾക്കായി ന്യൂട്രീഷനിസ്റ്റുകൾക്ക് പുറമേ ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരുടേയും സഹായം തേടേണ്ടതാണ്. പ്രോഗ്രാം ആഫീസർമാർ ജില്ലാതലത്തിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

- നിലവിൽ ന്യൂട്രീഷൻ ക്ലിനിക്കുകളിൽ ലഭ്യമായിട്ടുള്ള സ്ട്രിപ്പുകൾ, നീഡിലുകൾ എന്നിവയുടെ കാലാവധി 28.02.2022 ന് അവസാനിക്കുന്ന സാഹചര്യത്തിൽ ആയത് ഉപയോഗിച്ച് തീർക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ POമാർ ബന്ധപ്പെട്ട CDPO മാർക്ക് നൽകേണ്ടതാണ്.

- **അനീമിയ സ്ക്രീനിംഗ് നടത്തിയ ശേഷം പ്രോഗ്രാം ആഫീസർമാർ റിപ്പോർട്ട് ക്രോഡീകരിച്ച്** നിശ്ചിത ഫോർമാറ്റിൽ icdsasection@gmail.com എന്ന വിലാസത്തിൽ ഫെബ്രുവരി15-ാം തീയതിക്കകം ലഭ്യമാക്കേണ്ടതാണ്.( ഫോർമാറ്റ് -2 ഉള്ളടക്കം ചെയ്യുന്നു).

## ബ്ലോക്ക് തലം –CDPO മാർ

ട്രൈബൽ മേഖലയിലെ അങ്കണവാടി കേന്ദ്രങ്ങളും മറ്റു പൊതു സ്ഥലങ്ങളും കേന്ദ്രീകരിച്ച് കൗമാരക്കാരായ കുട്ടികളെ കോവിഡ് മാനദണ്ഡങ്ങള് പാലിച്ച് വിളിച്ച് ചേർക്കേണ്ടതും ന്യൂട്രീഷ്യനിസ്റ്റ് /ആരോഗ്യ വകുപ്പിലെ ജീവനക്കാരെ ഉപയോഗിച്ച് അനീമിയ പ്രതിരോധം സംബന്ധിച്ച് ബോധവൽക്കരണ കൗൺസിലിംഗ്, അനീമിയ സ്ക്രീനിംഗ് ഇവ നടത്തേണ്ടതുമാണ്. അനുബന്ധമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങള് നടത്തേണ്ടതാണ്.

- Hb 12 – ൽ താഴെ കണ്ടെത്തുന്നവർക്ക് ക്ലിനിക്കുകളിൽ അനുവദിച്ചിട്ടുള്ള ബ്രോഷറുകൾ നൽകേണ്ടതും അങ്കണവാടി വർക്കർമാർ മുഖേന പ്രത്യേക വ്യക്തി ശ്രദ്ധ ചെലുത്തി ബോധവൽക്കരണം നടത്തേണ്ടതുമാണ്.
- അനീമിയ സംബന്ധിച്ച് അറിവ് പകരുന്ന പോസ്റ്ററുകൾ, ബ്രോഷറുകൾ ഇവ സ്ക്രീനിംഗ് നടത്തുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

GB

- Hb 12 ൽ താഴെ ഉള്ളവരുടെ വിവരങ്ങൾ അപ്പോൾ തന്നെ ആരോഗ്യവകുപ്പിന് നൽകി ഇടപെടൽ നടത്തേണ്ടതും ന്യൂട്രീഷ്യസ്റ്റ് മുഖേന ന്യൂട്രീഷ്യൻ കൗൺസിലിംഗ് നടത്തേണ്ടതുമാണ്.
- തുടർന്നുള്ള 2 മാസം Supervisor/Worker മുഖാന്തിരം Hb 12 ൽ താഴെ ഉള്ളവരുടെ നിരീക്ഷണം കൃത്യമായി നടത്തി പുരോഗതി വിലയിരുത്തി വിവരങ്ങള് ആരോഗ്യവകുപ്പിന കൈമാറേണ്ടതാണ്.

- സ്ക്രീനിംഗ് നടത്താൻ സാധിക്കാത്ത കുട്ടികളുടെ വിവരങ്ങൾ സൂപ്പർവൈസർമാർ ശേഖരിച്ച് വാർഡ് മെമ്പർമാർ മുഖേന, ALMSC യുടെ സഹായത്തോടെ follow up നടത്തി സ്ക്രീനിംഗ് നടത്തുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- അനീമിയ സ്ക്രീനിംഗിനായി ആവശ്യമുള്ള പഞ്ഞി, സ്പിരിറ്റ് എന്നിവ വാങ്ങുന്നതിന് ആവശ്യമായ ചെലവുകൾക്ക് ഒരു ICDSന് 500 രൂപ ക്രമത്തിൽ CDPO മാർക്ക് അനുവദിക്കുന്നതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ ക്കുവേണ്ടി

ഉള്ളടക്കം :

1. സ്ലിപ്പുകളുടേയും നീഡിലുകളുടേയും വിശദാംശങ്ങൾ
2. ഹീമോമീറ്റർ- വിശദാംശങ്ങൾ
3. ഫോർമാറ്റ് 1
4. ഫോർമാറ്റ്-2

GB

# അനീമിയ സ്ക്രീനിംഗ്- സ്ട്രിപ്പുകളുടേയും നീഡിലുകളുടേയും വിശദാംശങ്ങൾ

| ക്രമം | ജില്ല | സ്ട്രിപ്പുകളുടെ വിശദാംശങ്ങൾ | | നീഡിലുകളുടെ വിശദാംശങ്ങൾ | | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | ഉപയോഗിക്കാത്ത സ്ട്രിപ്പുകളുടെ എണ്ണം | Expiry date | ഉപയോഗിക്കാത്ത നീഡിലുകളുടെ എണ്ണം | Expiry date | |
| 1 | TRIVANDRUM | 538 | 28.02.2022 | 525 | 28.02.2022 | |
| 2 | KOLLAM | 812 | 28.02.2022 | 811 | 28.02.2022 | |
| 3 | PTA | 603 | 28.02.2022 | 573 | 28.02.2022 | |
| 4 | ALP | 703 | 28.02.2022 | 642 | 28.02.2022 | |
| 5 | KTM | 894 | 28.02.2022 | 831 | 28.02.2022 | |
| 6 | IDK | 565 | 28.02.2022 | 565 | 28.02.2022 | |
| 7 | EKM | 736 | 28.02.2022 | 666 | 28.02.2022 | |
| 8 | TSR | 728 | 28.02.2022 | 741 | 28.02.2022 | |
| 9 | PKD | 53 | 28.02.2022 | 53 | 28.02.2022 | |
| 10 | MLPM | 885 | 28.02.2022 | 925 | 28.02.2022 | |
| 11 | KKD | 920 | 28.02.2022 | 1002 | 28.02.2022 | |
| 12 | WYND | 92 | 28.02.2022 | 92 | 28.02.2022 | |
| 13 | KNR | 974 | 28.02.2022 | 973 | 28.02.2022 | |
| 14 | KSGD | 366 | 28.02.2022 | 366 | 28.02.2022 | |
| | | **8869** | | **8765** | | |

# ഹീമോ മീറ്റർ-വിശദാംശങ്ങൾ

| ക്രമ നം | ജില്ല | ഹീമോ മീറ്റർ അനുവദിച്ചവയുടെ എണ്ണം | ഹീമോ മീറ്റർ പ്രവർത്തനം | |
|---|---|---|---|---|
| | | | പ്രവർത്തന ക്ഷമമായവയുടെ എണ്ണം | അല്ലാത്തവയുടെ എണ്ണം |
| 1 | Thiruvananthapuram | 12 | 8 | 4 |
| 2 | Kollam | 12 | 8 | 4 |
| 3 | Pathanamthitta | 8 | 4 | 4 |
| 4 | Alappuzha | 12 | 8 | 4 |
| 5 | Kottayam | 11 | 3 | 8 |
| 6 | Idukki | 8 | 6 | 2 |
| 7 | Ernakulam | 15 | 4 | 10 |
| 8 | Thrissur | 17 | 11 | 4 |
| 9 | Palakkad | 13 | 10 | 2 |
| 11 | Malappuram | 15 | 5 | 10 |
| 12 | Wayanad | 4 | 4 | 0 |
| 10 | Kozhikkode | 13 | 4 | 9 |
| 13 | KANNUR | 12 | 4 | 7 |
| 14 | Kasargode | 6 | 5 | 0 |
| **GRAND TOTAL** | | **158** | **84** | **68** |

# ഫോർമാറ്റ്-1

## അനീമിയ സ്ക്രീനിംഗ് നടത്തുന്നത് സംബന്ധിച്ച ക്രമീകരണങ്ങൾ

| ക്രമ നം | ജില്ല | അവശേഷിക്കുന്ന സ്ട്രിപ്പുകളുടെ എണ്ണം | അവശേഷിക്കുന്ന നീഡിലുകളുടെ എണ്ണം | പ്രവർത്തനക്ഷമമായ ഹിമോമീറ്ററിന്റെ എണ്ണം | ട്രൈബൽ/കോസ്റ്റൽ/ പിന്നോക്ക മേഖലയിൽ ഉൾപ്പെടുന്ന ICDS ന്റെ വിശദാംശങ്ങൾ | | സ്ക്രീനിംഗ് നടത്താൻ ഉദ്ദേശിക്കുന്ന തീയതികൾ | സ്ക്രീനിംഗ് നടത്തുന്ന ആളുകളുടെ എണ്ണം | സ്ക്രീനിംഗ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | ICDS ന്റെ പേര് | മേഖല | | | | |
| | | | | | | | | | | |

പ്രോഗ്രാം ആഫീസർ

# അനീമിയ സ്ക്രീനിംഗ് -ഫോർമാറ്റ്-2

| ക്രമ നം | ജില്ല | ട്രൈബൽ/കോസ്റ്റൽ മേഖലയിൽ ഉൾപ്പെടുന്ന ICDS ന്റെ പേര് | | സ്ക്രീനിംഗ് നടത്തിയ തീയതി | Hb test ന് വിധേയരായവരുടെ എണ്ണം | 12ൽ താഴെ Hb രേഖപ്പെടുത്തിയ കുട്ടികളുടെ എണ്ണം | കൗൺസിലിംഗിന് വിധേയരായവരുടെ എണ്ണം | അധികമായി ആവശ്യമുള്ള സ്ലിപ്പുകളുടെഎണ്ണം | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|
| | | ICDS ന്റെ പേര് | മേഖല | | | | | | |
| | | | | | | | | | |

പ്രോഗ്രാം ആഫീസർ